**പത്രക്കുറിപ്പ്** **11.07.2024**

## അത്ഭുതപ്പെടുത്തുന്ന ഭാവിയെ മുന്നിൽ കാണിച്ച് ജെൻ എഐ പ്രദർശനം

**കൊച്ചി**: സമീപഭാവിയിൽ തന്നെ നമ്മുടെ ദൈനംദിന ജീവിതം എങ്ങിനെ നിർമ്മിതബുദ്ധിയിലധിഷ്ഠിതമാകും എന്ന നേർക്കാഴ്ച നൽകുന്നതാണ് കൊച്ചിയിൽ നടക്കുന്ന കെഎസ്ഐഡിസി സംഘടിപ്പിച്ച ദ്വിദിന ജെനറേറ്റീവ് എഐ കോൺക്ലേവിൽ ഒരുക്കിയിട്ടുള്ള പ്രദർശനം. ചരക്ക് നീക്കം മുതൽ റിക്രൂട്ട്മന്റ് വരെ, കായികമേഖല മുതൽ അതിഥിത്തൊഴിലാളികൾ വരെ ഇങ്ങനെ സമസ്തമേഖലകളെയും തൊട്ടു കൊണ്ടാണ് മാറ്റത്തിന്റെ സാങ്കേതികവിദ്യയുടെ വരവ്.

സംസ്ഥാന വ്യവസായ-നിയമ-കയർ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്ത ജെൻ എഐ കോൺക്ലേവിന്റെ പ്രദർശനം തുടങ്ങുന്ന സ്ഥലത്ത് തന്നെ ഒരുക്കിയിട്ടുള്ളത് ഒരു ടേബിൾ ടെന്നീസാണ്. ഐബിഎമ്മിന്റെ വാട്സൺ എക്സ് പ്ലാറ്റ്ഫോമിൽ ഒരുക്കിയിട്ടുള്ള ഈ ടെന്നീസ് ടേബിളിൽ എല്ലാം നിർമ്മിത ബുദ്ധിയാണ്. രണ്ട് അല്ലെങ്കിൽ നാല് കളിക്കാരുടെയും സ്പീഡ്, ബോൾ പതിക്കുന്ന സ്ഥലം, പോയിന്റ്, ആംഗിളുകൾ, കൃത്യത തുടങ്ങി നൂറുകണക്കിന് വിവരങ്ങളാണ് ഈ എഐ ടേബിളിലൂടെ ലഭിക്കുന്നത്. കായികമേഖലയിലെ വിവരവിശകലനത്തിന് ഇന്നേറ്റവുമധികം ഉപയോഗിക്കുന്ന എഐ ഉപകരണങ്ങളാണ് ഇവിടെ കാണുന്നത്.

പ്രദർശനത്തിലെ താരം 15 വയസുള്ള ഉദയ്ശങ്കർ എന്ന കുട്ടിയാണ്. ചെറുപ്രായത്തിൽ തന്നെ ജെൻ എഐ ആപ്പ് നിർമ്മിച്ച് പേറ്റന്റ് എടുത്ത ഉദയ് 15 ഓളം ആപ്പുകളാണ് വികസിപ്പിച്ചെടുത്തിട്ടുള്ളത്.

ലിങ്ക്ഡ്ഇനിൽ നിന്ന് സ്വന്തം ആവശ്യത്തിനുള്ള വിദഗ്ധ തൊഴിലാളികളെ കണ്ടെത്തുന്നതിനാവശ്യമായ പ്രൊഫൈലുകൾ തെരഞ്ഞെടുക്കുക, ലഭിച്ച അപേക്ഷകളിൽ നിന്നും പറ്റിയ ജോലിക്കാരെ കണ്ടെത്തുക, ചാറ്റ് ബോട്ടുകൾ വഴി അഭിമുഖങ്ങൾ നടത്തുക തുടങ്ങിയ സാങ്കേതികവിദ്യകളാണ് റിക്രൂട്ടിംഗ് മേഖലയിലുള്ളത്. തുറമുഖങ്ങളിൽ ചരക്ക് നീക്കത്തിന്റെ സമഗ്രവിവരങ്ങൾ, ചരക്ക് ലോറികളുടെ ട്രാക്കിംഗ്, അനുബന്ധരേഖകളുടെ ഡിജിറ്റൽ രൂപങ്ങൾ, ഡ്രൈവറുടെ ഫേസ്ഐഡി തുടങ്ങിയ സംവിധാനങ്ങളും ജെൻ എഐ പ്രദാനം ചെയ്യുന്നു. ഇ-പേയ്മന്റ്, ബസ് ട്രാക്കിംഗ്, തുടർ യാത്രകൾ, തിരക്ക് വിശകലനം, തുടങ്ങിയവ ഉൾപ്പെടുന്ന ഇന്ത്യയിലെ തന്നെ ആദ്യത്തെ മൊബിലിറ്റി ആസ് എ സർവീസ്(മാസ്) എക്സപ്ളോറും ഇതേ മേഖലയിൽ നിന്നുള്ളതാണ്.

മണിക്കൂറുകൾ നീണ്ടു നിന്ന പല നടപടിക്രമങ്ങളും ഞൊടിയിടയിൽ സാധ്യമാക്കുന്നതാണ് ജെൻ എഐ സാങ്കേതികവിദ്യയുടെ പ്രാധാന്യമെന്ന് ഡോക്കർ വിഷൻ സ്ഥാപകരായ പ്രിജിത്ത്, ആതിര എന്നിവർ പറഞ്ഞു. സ്വന്തം സ്ഥലത്ത് വീടോ കെട്ടിടമോ നിർമ്മിക്കുന്നതിനുള്ള സമഗ്രപ്ലാൻ മിനിറ്റുകൾക്കുള്ളിൽ നൽകുന്ന ബിൽഡ് നെക്സ്റ്റ് കൺസ്ട്രക്ഷൻസ് സൊല്യൂഷൻസ് ഇതിനകം തന്നെ 100 ലേറെ കെട്ടിടങ്ങൾ രൂപകൽപന ചെയ്തു കഴിഞ്ഞു.

ഐവിസ് സൊല്യൂഷൻസ്, അമ്രാസ് സോഫ്റ്റ് വെയർ സൊല്യൂഷൻസ്, അത്താച്ചി, ബില്യൺലൈവ്സ് ബിസിനസ് ഇനിഷ്യേറ്റീവ്സ്, ബിൽഡ്നെക്സ്റ്റ് കൺസ്ട്രക്ഷൻസ് സൊല്യൂഷൻസ്, കോഡിയോഫ്ഡ്യൂട്ടി ഇനോവേഷൻസ്, ഡോക്കർ വിഷൻ, ഗൗഡ് ബിസിനസ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ സൊല്യൂഷൻസ്, ഹയർഫ്ളെക്സ് ഗ്ലോബൽ, ഐബിഎം, അയോനോട്ട് ടെക്നോളജീസ്, ലാർസ്.എഐ, മന്ദാര. എഐ, പാരാഡിം. എഐ, പിക്കി അസിസ്റ്റ്, ടോഡോ സെയിൽസ് ആപ്പ്, സ്കൈസ്മൈൽ ടെക്നോളജീസ്, തേർഡ് ഡേ അക്കാദമി, ടൂട്ടിഫ്രൂട്ടി ഇന്ററാക്ടീവ്, ഉറവ് അഡ്വാൻസ്ഡ് ലേണിംഗ് സിസ്റ്റംസ്, എക്സ്പ്ലോർ റൈഡ്സ്, സെഡിലാബ് സോഫ്റ്റ് വെയർ സിസ്റ്റംസ്, പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ എന്നീ കമ്പനികളാണ് പ്രദർശനത്തിലുള്ളത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വിദഗ്ധരുൾപ്പെടെ 4500 ലധികം പ്രതിനിധികൾ പങ്കെടുത്ത ദ്വിദിന ജെൻ എഐ കോൺക്ലേവ് വെള്ളിയാഴ്ച സമാപിക്കും.